**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 188 | 28.11.2018 ൽ മറുപടിക്ക്

# കെ.കെ. കാർത്ത്യായനിയുടെ തിരോധാനം

**ചോദ്യം**

ശ്രീ.സജി ചെറിയാൻ

**ഉത്തരം**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) സംസ്ഥാനത്ത് 2017-18 വർഷത്തിൽ കാണാതായ വയോധികരുടെ വിവരം ലഭ്യമാക്കാമോ;

(എ) സംസ്ഥാനത്ത് 2017-18 (01.01.2017 മുതൽ 31.10.2018 വരെ) വർഷത്തിൽ കാണാതായ വയോധികരുടെ വിവരം ചുവടെ കൊടുക്കുന്നു.

| Year | Total No. of Missing Cases | No. of Missing Persons | | Traced | |
|---|---|---|---|---|---|
| | | Male | Female | Male | Female |
| 2017-18 (01.01.2017 to 31.10.2018) | 1045 | 799 | 268 | 612 | 238 |

(ബി) 2018 മേയ് മാസത്തിൽ ചെങ്ങന്നൂർ താലൂക്കിലെ സഹോദരി ഭവനത്തിൽ കാണാതായ കെ.കെ. കാർത്ത്യായനി (83 വയസ്സ്) യുടെ തിരോധാനത്തെക്കുറിച്ചുള്ള അന്വേഷണ പുരോഗതി ലഭ്യമാക്കാമോ;

(ബി) ചെങ്ങന്നൂർ പോലീസ് സ്റ്റേഷൻ Cr.1349/2018 U/s 57 KP Act പ്രകാരം രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണ ചുമതല ചെങ്ങന്നൂർ ഡി.വൈ.എസ്.പി യെ ഏൽപ്പിച്ചിട്ടുള്ളതും അന്വേഷണത്തിനായി ഒരു സ്പെഷ്യൽ ടീമിനെ രൂപീകരിച്ചിട്ടുള്ളതുമാണ്. തുടർന്ന് അന്വേഷണ സംഘത്തിൽ ISHO ചെങ്ങന്നൂർ, ISHO മാവേലിക്കര, ISHO മാന്നാർ, SI ചെങ്ങന്നൂർ, SHO കുറത്തിക്കാട്, SHO നൂറനാട്, SHO വെൺമണി എന്നിവരെ ഉൾപ്പെടുത്തി അന്വേഷണസംഘം വിപുലപ്പെടുത്തിയിട്ടുണ്ട്. നാളിതുവരെ നടത്തിയ അന്വേഷണത്തിൽ ഉപയോഗപ്രദമായ യാതൊരു വിവരങ്ങളും ലഭ്യമായിട്ടില്ല.

(സി) പ്രസ്തുത അന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

(സി) ക്രൈം ബ്രാഞ്ചിന് കൈമാറുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ